പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 212 18.3.2013 ൽ മറുപടിക്ക്

## പോലീസ് സംവിധാനത്തിന്റെ കാര്യക്ഷമത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.ഹംസ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം ആധുനിക കുറ്റാന്വേഷണ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഫോറൻസിക് ലാബിൽ ശാസ്ത്രീയ അന്വേഷണം ത്വരിതപ്പെടുത്തുന്നതിനായി ആഡിയോ വീഡിയോ അനാലിസിസ് സംവിധാനം നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രധാന കേന്ദ്രങ്ങളിൽ സർവ്വലൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പോലീസ് സേനയുടെ ആധുനികവൽക്കരത്തിന്റെ ഭാഗമായി ഡി.വൈ.എസ്.പി തലം വരെയുള്ള ഓഫീസിസേഴ്സിന് കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി മൊബൈൽ ഡിജിറ്റൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റൻസ് പ്ലാറ്റ് ഫോം നടപ്പിലാക്കി വരുന്നു. |
| (ബി) കുറ്റാന്വേഷണവും, നിയമസമാധാന പാലനവും വേർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ, ഇതിനുള്ള എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) ഉണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16.02.2011 ൽ പുറപ്പെടുവിച്ച WP(C) നം. 685/2011 ന്റെ വിധി ന്യായത്തിൽ ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ആക്റ്റ്, 1946 മാതൃകയിൽ സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതിനെ സംബന്ധിച്ചു ആലോചന നടത്തുവാനും അനുയോജ്യ പരിഹാര നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ക്രമസമാധാനവും കേസന്വേഷണവും വേർതിരിക്കണമെന്നുള്ള ബഹു: |

| | |
|---|---|
| | സുപ്രീം കോടതിയുടെയും, ബഹു: ഹൈക്കോടതിയുടെയും നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരവും, പ്രായോഗികവും, സാമ്പത്തികവുമായ വിശദാംശങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കമ്മീഷനായി ശ്രീ. കെ.ജി. പ്രേംശങ്കർ, ഐ.പി.എസിനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ